കേരളസർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയ സാമ്പത്തിക ക്രമക്കേടുകൾ - കാഞ്ഞങ്ങാട് മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (റിട്ടയേർഡ്) ശ്രീ.വി.എൻ.വാസുദേവൻ നമ്പൂതിരി, മുൻ ഹെഡ് ക്ലാർക്ക് ശ്രീ.പി.ദാമോദരൻ(റിട്ടയേർഡ്) എന്നിവർക്കെതിരെയുള്ള ചാർജ്ജുകൾ ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 394/2015/തസ്വഭവ, തിരുവനന്തപുരം,തീയതി, 07.02.2015

---

പരാമർശം:-1 ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് 2006 നവമ്പറിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്.

2. സർവ്വശ്രീ.വി.എൻ.വാസുദേവൻ നമ്പൂതിരി, പി.ദാമോദരൻ എന്നിവർക്ക് യഥാക്രമം 29.06.2012, 14.09.2012 എന്നീ തീയതികളിൽ നൽകിയ 21872/ഇആർബി1/2011/തസ്വഭവ നമ്പർ നോട്ടീസ്.

3 സർവ്വശ്രീ.വി.എൻ.വാസുദേവൻ നമ്പൂതിരി, പി.ദാമോദരൻ എന്നിവർ യഥാക്രമം 12.08.2014, 23.11.2014 എന്നീ തീയതികളിൽ സമർപ്പിച്ച പ്രതിവാദപത്രികകൾ.

4. ഗ്രാമവികസന കമ്മീഷണറുടെ 06.06.2014ലെ 32921/എസ്റ്റാഎ4/2009/സിആർഡി നമ്പർ കത്ത്.

## ഉത്തരവ്

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ, ധനകാര്യ പരിശോധനാ വിഭാഗം 2006 നവംബറിൽ നടത്തിയ പരിശോധനയുടെ പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ടിൽ ഫോട്ടോകോപ്പിയർ (തോഷിബ ഇ സ്റ്റുഡിയോ), ആഡിയോ സിസ്റ്റം എന്നിവ വാങ്ങിയതിൽ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിരുന്നു. ടി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ശ്രീ.വി.എൻ.വാസുദേവൻ നമ്പൂതിരി (റിട്ടയേർഡ്) , ഹെഡ് ക്ലാർക്ക് ശ്രീ.പി.ദാമോദരൻ(റിട്ടയേർഡ്) എന്നിവർക്കെതിരെ KSR Part III Rule 59(b) പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. പ്രസ്തുത നോട്ടീസിന് പരാമർശം (3) പ്രകാരം ശ്രീ.പി.ദാമോദരൻ സമർപ്പിച്ച മറുപടിയിൽ ബ്ലോക്ക് പഞ്ചായത്തിനു വേണ്ടിയും, വിദ്യാകേന്ദ്രത്തിനു വേണ്ടിയും ആഡിയോ സിസ്റ്റം വാങ്ങിയതിനുള്ള ക്വട്ടേഷനുകളിൽ ഒപ്പിട്ടിരിക്കുന്നത്

ഒരേ വ്യക്തിയല്ലെന്നും, പ്രസ്തുത പ്രവർത്തികളിൽ ഹെഡ് ക്ലാർക്കിന്റെ പങ്ക് പരിമിതമാണെന്നും, ടിയാൻ സ്വകാര്യ വ്യക്തികളുമായി ചേർന്ന് ഗൂഡാലോചനയിലേർപ്പെട്ടിട്ടില്ലെന്നും, ആയതിനാൽ ടിയാനെ കുറ്റവിമുക്തനാക്കണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥർ സമർപ്പിച്ച മറുപടിയിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ വച്ച് ഹിയറിങ് ആവശ്യപ്പെട്ടതിൻ പ്രകാരം ടി ഓഫീസിൽ വച്ച് തദ്ദേശസ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറി ടി ഉദ്യോഗസ്ഥരെ നേരിൽ കേൾക്കുകയും ചെയ്തിട്ടുണ്ട്. ഹിയറിങ് വേളയിൽ ടി ഉദ്യോഗസ്ഥർ കുറ്റം നിഷേധിക്കുകയും ചെയ്തിരുന്നു.

2003ൽ ബ്ലോക്ക് പഞ്ചായത്തിന് വേണ്ടി തോഷിബാ ഇ-സ്റ്റുഡിയൊ 160 ഫോട്ടോ കോപ്പിയർ അംഗീകൃത വിതരണ ഏജൻസിയായ M/s.Deltalk Communications, കണ്ണൂരിൽ നിന്നാണ് വാങ്ങിയതെന്നും, ടി പ്രവൃത്തിക്ക് ബ്ലോക്ക് പഞ്ചായത്തിന്റെയും DPC-യുടേയും അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും, പർച്ചേയ്സ് ഓർഡർ നൽകിയിരുന്നതായും ടി പ്രവർത്തികൾ നടന്ന സമയത്ത് ടിയാൻ SIRD യിൽ ട്രെയിനിംഗിലായിരുന്നുവെന്നും, ഓഡിയോ സിസ്റ്റം വാങ്ങിയതുമായി ബന്ധപ്പെട്ട് രണ്ട് ക്വട്ടേഷനുകളിലും ഒരേയാൾ തന്നെ ഒപ്പിട്ടിരിക്കുന്നത് അന്ന് ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും, സ്ഥാപനത്തിന്റെ പാർട്ട്നർ എന്ന നിലയിലാണ് അപ്രകാരം ഒപ്പിട്ടിട്ടുള്ളതെന്നും, ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ഗുരുദാസ് ട്രേഡേഴ്സിൽ നിന്നും വാങ്ങിയ രണ്ടു സിസ്റ്റങ്ങളും ഇപ്പോഴും നല്ല രീതിയിൽ പ്രവർത്തിക്കുന്നതായും ശ്രീ.വാസുദേവൻ നമ്പൂതിരി സമർപ്പിച്ച അപേക്ഷയിൽ ബോധിപ്പിച്ചിട്ടുണ്ട്.

DPC യുടെയും ബ്ലോക്ക് പഞ്ചായത്തിന്റെയും അംഗീകാരത്തോടു കൂടി സപ്ലൈ ഓർഡർ നൽകി, ഡി.ജി.എസ് & ഡി റേറ്റ് കോൺട്രാക്ടിൽ നേരിട്ടാണ് ഫോട്ടോ കോപ്പിയർ വാങ്ങിയതെന്നും, ടി പ്രവൃത്തിയിൽ സർക്കാരിന് നഷ്ടമുണ്ടായിട്ടില്ലെന്നും, മൂന്ന് മാസത്തെ ഇടവേളകളിൽ വ്യത്യസ്ത ഫയലുകളിൽ കൈകാര്യം ചെയ്തതു കൊണ്ടാണ് രണ്ടു ക്വട്ടേഷനുകളിലും സന്ധ്യ എന്ന ഒരേ ആൾ ഒപ്പിട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെടാതെ പോയതെന്നും, എന്നാൽ ബ്ലോക്ക് പഞ്ചായത്തിന് വേണ്ടിയുള്ള ക്വട്ടേഷനിൽ ഗുരുദാസ് ട്രേഡേഴ്സിന് വേണ്ടി ഒപ്പിട്ടിട്ടുള്ളത് ശ്രീമതി.സന്ധ്യയാണെന്നും, പർച്ചേസ് ശരിയായ രീതിയിൽ ആണ്

നടന്നിട്ടുള്ളതെന്നും, ടിയാനെതിരെയുള്ള ചാർജ്ജുകൾ ഒഴിവാക്കണമെന്നും ശ്രീ.ദാമോദരൻ സമർപ്പിച്ച അപേക്ഷയിൽ സൂചിപ്പിച്ചിട്ടുണ്ട്.

ടി ഉദ്യോഗസ്ഥരുടെ അപേക്ഷകളിന്മേൽ ഗ്രാമവികസന കമ്മീഷണർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2002-2003 വർഷത്തെ പദ്ധതികളിൽ എസ്.85/03 നമ്പർ പ്രോജക്ട് പ്രകാരം ബ്ലോക്ക് ആഫീസിലേയ്ക്ക് ഫോട്ടോകോപ്പിയർ വാങ്ങുന്നതിനുള്ള ഒരു ലക്ഷം രൂപയുടെ പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നതായും ഡി.ജി.എസ്.& ഡി. കോൺട്രാക്ട് ഉണ്ടായിരുന്ന എച്ച്.സി.എൽ. ഇൻഫോസിസ്റ്റംസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നാണ് പ്രസ്തുത ഫോട്ടോ കോപ്പിയർ വാങ്ങിയതെന്നും കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ആഫീസിൽ ആഡിയോ സിസ്റ്റംസ് വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചത് 21.07.2005-നും ആയത് തുറന്ന് പരിശോധിച്ചത് 29.07.2005നും ആണെന്നും മൂന്ന് ക്വട്ടേഷനുകൾ ലഭിച്ചതിൽ 11,212/- രൂപ രേഖപ്പെടുത്തിയ ഗുരുദാസ് ട്രേഡേഴ്സ്, കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ ഉറപ്പിക്കുകയും ചെയ്തതായും പ്രസ്തുത ക്വട്ടേഷനിലും പ്രസ്തുത തുകയുടെ ബില്ലിലും, രസീതിൽ ഒപ്പിട്ടിരിക്കുന്നതും പാർട്ട്ണർ തന്നെയാണെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ചക്കിട്ടടുക്കം വികസന വിദ്യാകേന്ദ്രത്തിനായി ഓഡിയോ സിസ്റ്റം വാങ്ങുന്നതിനായി 16.08.2005-ന് ക്വട്ടേഷൻ ക്ഷണിക്കുകയും 23.08.2005-ന് ക്വട്ടേഷൻ തുറന്ന് പരിശോധിക്കുകയും ചെയ്തതായും, ഏറ്റവും കുറഞ്ഞ തുകയായ 19,792/- രൂപ രേഖപ്പെടുത്തിരുന്നത് ഗുരുദാസ് ട്രേഡേഴ്സ് എന്ന് സ്ഥാപനമാണെന്നും പ്രസ്തുത ക്വട്ടേഷനിൽ ഒപ്പിട്ടത് അന്നത്തെ മാനേജരായ ശ്രീമതി.സന്ധ്യയാണെന്നും, എന്നാൽ പ്രസ്തുത തുകയുടെ ബില്ലിലും രസീതിലും ഒപ്പിട്ടിരിക്കുന്നത് സ്ഥാപനത്തിന്റെ പാർട്ട്ണർ തന്നെയാണെന്നും ഗണേഷ് വാട്ടർ ട്രീറ്റ്മെന്റ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ ഉറപ്പിക്കുകയോ ഓഡിയോ സിസ്റ്റം അവരിൽ നിന്നും വാങ്ങുകയോ തുക കൈമാറുകയോ ചെയ്തിട്ടില്ലെന്നും ഗണേഷ് വാട്ടർ ട്രീറ്റ്മെന്റ്, കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന് വേണ്ടി ക്വട്ടേഷനിൽ ഒപ്പിട്ടിരിക്കുന്നത് ശ്രീമതി.സന്ധ്യ അല്ലായെന്നും പ്രസ്തുത സ്ഥാപനത്തിന്റെ മാനേജരാണെന്നും ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിൽ പറയുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമവികസന കമ്മീഷണരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ശ്രീ.വി.എൻ.വാസുദേവൻ നമ്പൂതിരി(റിട്ടയേർഡ്), ഹെഡ് ക്ലാർക്ക് ശ്രീ.പി.ദാമോദരൻ (റിട്ടയേർഡ്), എന്നിവർക്കെതിരെയുള്ള ചാർജ്ജുകൾ ഒഴിവാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.രാജൻ ഖൊബ്രഗഡെ**

**സെക്രട്ടറി**

ശ്രീ.വി.എൻ.വാസുദേവൻ നമ്പൂതിരി,
ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (റിട്ടയേർഡ്),
കാഞ്ഞങ്ങാട് ബ്ലോക്ക്
ശ്രീ.പി.ദാമോദരൻ, ഹെഡ് ക്ലാർക്ക് (റിട്ടയേർഡ്),
കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്
} (ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള , തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (എബി) വകുപ്പ് (16.04.2011ലെ 30512/എബി2/2008/തസ്വഭവ നമ്പർ അനൗദ്യോഗികക്കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ